# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 - 26**

ക്ലാസ്സ് ടീച്ചറുടെ പേര് : ഷിംസി ഒ

വിദ്യാലയത്തിന്റെ പേര്: പടുവിലായി എൽ പി സ്കൂൾ

ഉപജില്ലയുടെ പേര് : മട്ടന്നൂർ

# ഉള്ളടക്കം

1 . ആമുഖം
2 . പ്രവർത്തന കലണ്ടർ
3 . ഒന്നാം തരം ഓർമ്മക്കുറിപ്പ്
4 . പാട്ടരങ്ങ്
5 . ഒരു ദിനം... ഒരു വായന
6 . കുട്ടി അരങ്ങ്
7 . കുഞ്ഞറിവ്
8 . ഇനി..കഥ പറയാം
9 . ഇന്നത്തെ അതിഥി
10 . സചിത്ര സംയുക്ത ഡയറി
11 . ഒരു ചുവട് പത്ര വായനക്കായ്
12 . അമ്മ വായന
13 . എഴുതാം ചിത്ര വിശേഷം
14 . ഒരു ദിനം..ഒരു വാർത്ത
15 . ഇനി കഥ എഴുതിയാലോ
16 . വായനാനേരം
17 . റീഡേഴ്സ് തിയേറ്റർ
18 . രചനോത്സവം
19 . നന്മപ്പെട്ടി തിയേറ്റർ
20 . കുട്ടിപ്പത്രം
21. സംയുക്ത ഡയറി പ്രകാശനം
22 .കുട്ടികളുടെ രചനകൾ പൊതു ഇടങ്ങളിലേക്ക്
23 . പഠനോത്സവം
24 . ശില്പശാല

# ആമുഖം

2025 – 26
വർഷം ഒന്നാം തരത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന
പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട് . ഇതിനായി ആസൂത്രിതമായ
പരിപാടികൾ ആവശ്യമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച്
നടപ്പിലാക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളിലേക്ക് എത്തി
ക്കാൻ വേണ്ടിയുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ കുട്ടികളിൽ
ഭാഷാപരവും ഗണിതപരവും ശാസ്ത്രപരവുമായ ശേഷികൾ കൈവരി
ക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടു
ള്ളത് ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ മികച്ച വായനക്കാരാക്കി
യും രചയിതാവായും മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യം. ഭിന്നശേ
ഷിക്കാരെയും പഠന പിന്നോക്കക്കാരെയും പരിഗണിച്ചു കൊണ്ടുള്ള
പഠന പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . കുട്ടികളു
ടെ സർഗ്ഗശേഷി ഉണർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി
യിട്ടുണ്ട് കൃത്യമായ വിലയിരുത്തലുകൾ നടത്തുകയും ആവശ്യമായ
മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്ന തരത്തിലുള്ള പ്രക്രിയ ബന്ധവും
പ്രവർത്തന അധിഷ്ഠിതമായ ക്ലാസ്റൂം രീതിയാണ് അവലംബിച്ചിട്ടുള്ളത്.

# പ്രവർത്തനലക്ഷ്യങ്ങൾ

*ഭാഷാ ശേഷി വികസനം
* ആശയ പൂർണ്ണതയുടെ കഥകൾ അവതരിപ്പിക്കുന്നതിന്
* ആത്മവിശ്വാസത്തോടെയുള്ള അവതരണം
*സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു .
* ആശയം ഗ്രഹിച്ചു മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു .
*ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു .
*സ്വന്തം അനുഭവങ്ങൾ പറയാനും എഴുതാനും കഴിയുന്നു .
*അനുഭാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.
*കുട്ടിക്കഥകൾ വായിച്ചാസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായി ആവിഷ്കരിക്കുകയും ചെയ്യുന്നു.
*ഭിന്ന നിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള ഭാഷാ പഠനം ആസൂത്രണം ചെയ്യാൻ സാധിക്കുന്നു.
*ലഘു ബാലസാഹിത്യ കൃതികളിലെ സന്ദർഭങ്ങളെ റീഡേഴ്സ് തിയറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
*വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു.
*കൃത്യമായ ഇടവേളകളിൽ രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
*കുട്ടികളിലെ പഠന വൈകല്യം കണ്ടെത്താൻ കഴിയുന്നു
*അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന.
*പ്രതിദിന വായന കുട്ടികളെ മികച്ച വായനക്കാരൻ ആകുന്നു.
* പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.

## ക്ലാസ് മുറിയിൽ പ്രതീക്ഷിക്കുന്ന മാറ്റം

ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു സാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു. പൊതുവേദിയിലും ആത്മവിശ്വാസത്തോടെ കുട്ടികളുടെ സർഗ്ഗശേഷികൾ അവതരിപ്പിക്കാനുള്ള കഴിവ് നേടുന്നു. സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പി ടി എ ശക്തിപ്പെടുത്തും.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവഹണകാലം |
|---|---|---|
| 1. | ചിത്രവായന | ജൂൺ- ജൂലൈ |
| 2. | ഒന്നാം തരം -ഓർമ്മക്കുറിപ്പ് | ജൂൺ - മാർച്ച് |
| 3. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 4. | ഒരു ദിനം ....ഒരു വായന | ജൂൺ - ഡിസംബർ |
| 5. | കുട്ടി അരങ്ങ് | ജൂൺ - മാർച്ച് |
| 6. | കുഞ്ഞറിവ് | ജൂൺ - മാർച്ച് |
| 7. | ഇനി കഥ പറയാം .. | ജൂലൈ - നവംബർ |
| 8. | ഇന്നത്തെ അതിഥി | ആഗസ്റ്റ് മാർച്ച് |
| 9. | സചിത്ര സംയുക്ത ഡയറി | ജൂലൈ - മാർച്ച് |
| 10. | ഒരു ചുവട് പത്രവായനയ്ക്ക് | ജൂലൈ- സെപ്തംബർ |

| | | |
|---|---|---|
| 11. | അമ്മ വായന | ജൂൺ -നവംബർ |
| 12. | എഴുതാം ചിത്ര വിശേഷം | സെപ്തംബർ-ഒക്ടോബർ |
| 13. | ഒരുദിനം ഒരു വാർത്ത | ഒക്ടോബർ |
| 14. | ഇനി കഥ എഴുതിയാലോ | നവംബർ - മാർച്ച് |
| 15. | വായനാനേരം | ഡിസംബർ - മാർച്ച് |
| 16. | റീഡേഴ്സ് തീയേറ്റർ | സെപ്തംബർ -മാർച്ച് |
| 17. | രചനോത്സവം | ഡിസംബർ - മാർച്ച് |
| 18. | നന്മപ്പെട്ടി | ജനുവരി -മാർച്ച് |
| 19. | കുട്ടിപത്രം | ഫെബ്രുവരി |
| 20. | സംയുകത ഡയറി പ്രകാശനം | മാർച്ച് |
| 21. | കുട്ടികളുടെ രചനകൾ പൊതുഇടങ്ങളിലേക്ക് | മാർച്ച് |
| 22. | പഠനോത്സവം | മാർച്ച് |
| 23. | ശില്പശാല | മാർച്ച് |

# ഒന്നാം തരം ഓർമ്മക്കുറിപ്പുകൾ

പൊതു വിദ്യാഭ്യാസരംഗത്ത് വിപ്ലവം സൃഷ്ടിച്ച ഒന്നാണ് ഒന്നാം ക്ലാസ് കുട്ടികളുടെ സർഗാത്മക ഡയറി. പൊതു ഇടങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണിത്. അനുഭവക്കുറിപ്പിന്റെ ഭാവനാത്മക മായ രചനയിലേക്ക് കുട്ടികളെ നയിക്കാൻ ഇത് ഏറെ സഹായകമായി കുട്ടികൾക്ക് അനുഭവക്കുറിപ്പിന്റെ മാതൃകാപരമായ രചന പരിചയപ്പെ ടുത്തുന്നതിനായി ക്ലാസ് അധ്യാപകരുടെ അതതു ദിവസത്തെ ക്ലാസ്സ് അനുഭവങ്ങൾ എഴുതുകയും കുട്ടികൾക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനമാണിത്.

# പാട്ടരങ്ങ്

കുട്ടികൾക്ക് ഏറെ താല്പര്യമുള്ള ഒന്നാണ് പാട്ട്. വിദ്യാലയത്തിൽ എത്തുന്നതിന് മുൻപേ തന്നെ ഒരുപാട് പാട്ടുകൾ കുട്ടി സ്വായക്തമാക്കുന്നു . കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ ഭാഷാ പഠനം എളുപ്പ മാകുന്നു. വാദ്യോപകരണത്തിന്റെ സഹായ ത്തോടെ കുട്ടികൾ കവിതകൾ താളത്തോ ടെയും വായ്ത്താരികളും ചേർത്ത് അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കുട്ടിക്കവിതകൾ പാട്ട് പുസ്തകത്തിലേക്ക് പകർത്തുകയും ക്ലാസിൽ അവതരിപ്പി ക്കുകയും ചെയ്യുന്നു . മികച്ചവ അവതരണത്തിനായി അസംബ്ലിയിലും ബാലസഭയിലും വേദിയൊരുക്കുന്നു.

# ഒരു ദിനം ഒരു വായന

അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും പുനരനുഭവ സാധ്യത നൽകുന്നതിനും വായനയിലേക്ക് കുട്ടിയെ നയിക്കുന്നതിനുള്ള പ്രവർത്തനമാണിത്. പാഠഭാഗവുമായി ബന്ധപ്പെട്ട അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് നിർമ്മിക്കുന്ന വായന സാമഗ്രി എന്റെ വായനാ പുസ്തകത്തിൽ ഒട്ടിക്കുന്നു. കുട്ടികൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു. ഇതിലൂടെ കുട്ടികളെ സ്വതന്ത്രവായനാക്കാരാക്കി മാറ്റാൻ സാധിക്കുന്നു.

# കുട്ടി അരങ്ങ്

കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള വേദിയാണിത്. ഇതിലൂടെ കുട്ടികൾക്ക് പൊതുവേദികളിൽ സഭാകമ്പം കൂടാതെ അഭിസംബോധന ചെയ്യാൻ സാധിക്കുന്നു. എല്ലാ വെള്ളിയാഴ്ച കളിലെയും അവസാന പിരീഡ് ഇതിനായി മാറ്റി വയ്ക്കുന്നു. കുട്ടികളുടെ താൽപര്യത്തിനനുസരിച്ച് കഥകളും പാട്ടുകളും അവർ കണ്ടെത്തുന്നു. മികച്ചവ സ്കൂൾ അസംബ്ലിയിലും പഠനോത്സവ വേദികളിലും അവതരിപ്പിക്കുന്നു.

# കുഞ്ഞറിവ്

നമ്മുടെ ചുറ്റുപാടും നടക്കുന്ന കാര്യ ങ്ങളെ ക്കുറിച്ചുള്ള വാർത്തകളെയും സംഭവങ്ങ ളെയും കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടി ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രവർത്തനമാണിത് . കുട്ടികളുടെ പൊതു വിജ്ഞാ നം മെച്ചപ്പെടുന്നു. ആഴ്ചയിൽ ചോദ്യോ ത്തരങ്ങൾ നൽകു കയും മാസാവസാനം ചോ ദ്യോ ത്തരവേള സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി സമ്മാനദാനം നൽകുന്നു. ദിനാചര ണങ്ങളുമായി ബന്ധപ്പെട്ട ചോദ്യാവലി നൽകു കയും മത്സ രങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു .

# ഇനി കഥ പറയാം

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ കഥാ ചിത്രത്തിന്റെ ആത്മാംശം ഉൾക്കൊണ്ടു കൊണ്ട് കഥകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു. കുട്ടിയുടെ അവതരണ ശൈലി മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകമാകുന്നു. കുട്ടികൾക്ക് കഥാ ചിത്രങ്ങൾ നൽകുകയും രക്ഷിതാവിന്റെ സഹായത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. കഥാ വേളകളിൽ ചെറു സദസിനു മുൻപിൽ ഭാവാത്മകമായി അവതരിപ്പിക്കാൻ സാധിക്കുന്നു. സംഭവ തുടർച്ചയോടെയും, ശബ്ദ വ്യതിയാനത്തോടെയും സ്വന്തം ഭാഷയിൽ അവതരിപ്പിക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു.

# ഇന്നത്തെ അതിഥി

ഭാഷാ വികസനത്തിന് സാധ്യത ഒരുക്കുന്ന പ്രവർത്തനമാണിത്. കുട്ടികളെ വായനയിലേക്ക് ആകർഷിക്കാനായി വായനക്കായി ഒരിടം കണ്ടെത്തുന്നു . ഓരോ ദിവസവും പുതിയ പുതിയ പുസ്തകങ്ങൾ അതിഥിയായി ക്ലാസ്സിൽ സങ്കൽപ്പിച്ചു കൊണ്ട് പുസ്തകം പരിചയപ്പെടുത്തുന്നു. കുഞ്ഞു കഥകൾ ആസ്വാദിക്കാനും വായിക്കാനും ഇതിലൂടെ അവസരം കിട്ടുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് കുട്ടികളെ നയിക്കുന്നു. ജൂൺ 19 വായനാദിനത്തിൽ ക്ലാസ് ലൈബ്രറി ഉദ്ഘാടനം നടത്തുന്നു . കുഞ്ഞു പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു .

# സചിത്ര സംയുക്ത ഡയറി

രക്ഷിതാവിന്റെ സഹായത്തോടെ ദൈനം ദിന അനുഭവങ്ങളെ ആത്മാംശമുൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് സാധ്യമാകുന്നു .വിഭിന്ന നിലവാരക്കാരായ കുട്ടികളിൽ വരയിലൂടെയും എഴുത്തി ലൂടെയും സ്വതന്ത്ര രചയിതാക്കൾ ആക്കുന്നതിന് സംയുക്ത ഡയറിയുടെ സാധിക്കുന്നു. അന്നന്നു നടക്കുന്ന കാര്യങ്ങൾ കുട്ടി രക്ഷിതാവുമായി പങ്കുവെക്കുന്നു. കുട്ടിക്ക് ഇഷ്ടമായ അനുഭവം ഒന്നോ രണ്ടോ വാക്യത്തിൽ രക്ഷിതാവിന്റെ സഹായത്തോടെ എഴുതുന്നു. ആദ്യം കുട്ടിക്ക് അറിയാവുന്ന അക്ഷ രങ്ങളും ചിഹ്നങ്ങളും ചേർത്ത് എഴുതുന്നു. അറിയാത്ത അക്ഷരങ്ങൾ രക്ഷിതാവ് പേന കൊണ്ട് എഴുതി കൊടുക്കുന്നു. തുടർന്ന് രക്ഷിതാക്കളുടെ എഴുത്ത് കുറയുകയും കുട്ടികൾ സ്വതന്ത്ര എഴുത്തിലേക്ക് കടക്കുകയും ചെയ്യുന്നു.

# ഒരു ചുവട് പത്രവായനയ്ക്ക്

പത്രവായനയിലേക്ക് കുട്ടികളെ നയിക്കുന്ന ഒരു പ്രവർത്തനമാണിത്. പത്രങ്ങളിൽ നിന്നും കുട്ടിക്ക് വായിക്കാൻ അറിയാവുന്ന ഒരു വാക്ക് മുറിച്ചു കൊണ്ടുവന്ന് ക്ലാസിലെ പത്ര ബോർഡില് ഒട്ടിക്കുന്നു. ആഴ്ചാവസാനം വായിക്കാൻ അവസരം നൽകുന്നു . പഠിച്ച അക്ഷരങ്ങളും വാക്കുകളും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധ്യമാകുന്നു.

# പുസ്തകക്കുടുക്ക

കുട്ടികൾക്ക് സ്വന്തമായി ഒരു ലൈബ്രറി ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുസ്തക ക്കുടുക്ക എന്ന ആശയം കൊണ്ടുവന്നത്. വായനാ ദിനത്തിൽ കുട്ടികൾക്ക് ഒരു പുസ്ത കവും പുസ്തക ക്കുടുക്കയും നൽകി കൊണ്ടാണ് ഈ പ്രവർ ത്തനത്തിന് തുടക്കം കുറിക്കുന്നത്. ഓരോ ദിവ സവും പുസ്തക കുടുക്കയിലേക്ക് ഒരു നി ശ്ചിത തുക നിക്ഷേപിച്ച് നിശ്ചിത കാലയളവിനു ശേ ഷം ആ തുക ഉപയോഗിച്ച് വീട്ടിൽ ഒരു ലൈ ബ്രറി ഒരുക്കുക എന്നതാണ് ഇതിന്റെ പ്രവർത്തനം.

# അമ്മ വായന

കഥയിലൂടെ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു പോകുന്ന ഒരു പ്രവർത്തനമാണിത്. കുട്ടികളെ സ്വതന്ത്ര വായനക്കാരൻ ആക്കാൻ ഇത് സഹായിക്കുന്നു. കുട്ടിയുടെ കയ്യിൽ ഒരു ചിത്രകഥ കൊടുത്തു വിടുന്നു. അമ്മയും കുട്ടിയും ചേർന്ന് കഥ വായിക്കുന്നു. തുടർന്ന് വരുന്ന ദിവസങ്ങളിൽ കുട്ടി കഥ അവതരിപ്പിക്കുന്നു.

# എഴുതാം.. ചിത്രവിശേഷം

ചിത്രത്തിന്റെ സഹായത്തോടെ കുട്ടി സ്വന്തമായി വാക്യങ്ങൾ എഴുതാനുള്ള ശേഷി നേടുന്നു. കുട്ടിയുടെ ചിന്താ ശേഷിയും ഭാവനാ ശേഷിയും വർദ്ധിപ്പിക്കുന്നു. കുട്ടികൾക്ക് ചിത്ര ങ്ങൾ അടങ്ങിയ കാർഡുകൾ നൽകുകയും സ്വന്തമാ യി വാക്യങ്ങൾ നിർമിക്കാൻ ആവശ്യ പ്പെടുകയും ചെയ്യുന്നു . അവതരണത്തിന് അവസരം നൽകുന്നു. ഭിന്നശേഷിക്കാരെ പരിഗണിച്ചു കൊണ്ട് വാക്കുകൾ എഴുതാൻ പറയുന്നു.

# ഒരു ദിനം.. ഒരു വാർത്ത

ഒരു ചുവട് പത്രവായനയ്ക്ക് എന്ന പ്രവർത്തനത്തിന്റെ തുടർ പ്രവർത്തനമാണിത് . ലഘു വാക്കുകൾ കണ്ടെത്തി വായിച്ചതിന്റെ രണ്ടാംഘട്ടമായി കുട്ടിക്ക് വായിക്കാൻ കഴിയുന്ന ഒരു വാർത്ത കണ്ടെത്തി വായിച്ച് എഴുതി വരുന്നു. മൂന്നാം ഘട്ടത്തിൽ രണ്ടു വാർത്തകൾ കണ്ടെത്തി എഴുതി വായിക്കുന്നു. പ്രവർത്തനം ആവർത്തിക്കുന്നു. അസംബ്ലിയിൽ പത്രവാർത്ത അവതരിപ്പിക്കുന്നു.

# ഇനി കഥ എഴുതിയാലോ

കഥാരചന സർഗാത്മക ചിന്തയിലേക്ക് വഴി യൊരുക്കുന്നു. മുഴുവൻ കുട്ടികളെയും സ്വാതന്ത്ര്യ രചയിതാക്കളാക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. ചിത്രകാർഡുകൾ കുട്ടികൾക്ക് നൽകുകയും കഥയെഴുതാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. കഥ പറയാൻ അവസരം നൽകുകയും ചെയ്യുന്നു.

# വായനാ നേരം

കുട്ടികളെ സ്വതന്ത്ര വായനയ്ക്ക് പ്രാപ്തരാക്കുകയും ബാലസാഹിത്യ കൃതികൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ആഴ്ചയിലെ ഒരു ദിവസം കുഞ്ഞു ലൈബ്രറി വിതരണം ചെയ്യുന്നു, വായിക്കുന്നു. ഇഷ്ടപ്പെട്ട കഥാപാത്രം / കഥാസന്ദർഭം ചിത്രീകരണത്തിന് സാധ്യത ഒരുക്കുന്നു.

## റീഡേഴ്സ് തീയേറ്റർ

രംഗ സജ്ജീകരണങ്ങളോ വേഷ വിധാനങ്ങളോ ഇല്ലാതെ കഥാവതരണ ത്തിന് സാധ്യത ഒരുക്കുന്നു. സംഭാഷണ സാധ്യത യുള്ള കഥാ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് കഥാപാത്ര ങ്ങളെയും അവതാരകനെയും തീരുമാനിക്കുന്നു. അവരവരുടെ കഥാപാത്രത്തിന്റെ സംഭാഷണ ശകലങ്ങൾ കണ്ടെത്തി എഴുതുന്നു. ഓരോ ഗ്രൂപ്പും അവതരണത്തിനായി തയ്യാറാകുന്നു.

# രചനോത്സവം

ഇനി കഥ എഴുതിയാലോ എന്ന പ്രവർത്തനത്തിന്റെ തുടർച്ചയാണ് രചനോത്സവം. തുടർ ചിത്രങ്ങൾ നൽകുന്നതിന് പകരമായി കഥാരചനയ്ക്ക് ഉതകുന്ന തരത്തിലുള്ള ഒരു ചിത്രം നൽകുകയും കുട്ടിയുടെ സ്വതന്ത്ര ചിന്താ ശേഷിയിലൂടെ ഭാവനാത്മകമായി കഥ വികസിപ്പിച്ച് എഴുതുന്നു. തുടർന്ന് കഥാസന്ദർഭത്തിന് അനുയോജ്യമായ രീതിയിലുള്ള സ്വതന്ത്രചിത്ര രചനയ്ക്കും അവസരം ലഭിക്കുന്നു. എല്ലാ കുട്ടികളുടെ രചനകളും ഉൾപ്പെടുത്തിക്കൊണ്ട് കഥാ പുസ്തകം നിർമ്മിക്കുകയും പ്രകാശനം നടത്തുകയും ചെയ്യുന്നു. ലഘു വ്യവഹാര രൂപങ്ങളിലൂടെ ലേഖന പ്രവർത്തനത്തിൽ പങ്കാളികളാക്കുക, തൽസമയ രചനാമത്സരം സംഘടിപ്പിക്കുക, നിശ്ചിത സമയം കണ്ടെത്തി വിഷയത്തെ ചിത്രത്തെ അടിസ്ഥാനമാക്കി കഥ / പാട്ട് സംഭാഷണം എന്നീ രചനകളുടെ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. രചനാമത്സരം സംഘടിപ്പി ക്കുക, നിശ്ചിത സമയം കണ്ടെത്തി വിഷയത്തെ ചിത്രത്തെ അടിസ്ഥാനമാക്കി കഥ / പാട്ട്/ സംഭാഷണം / എന്നീ രചനകളുടെ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

# നൻമപ്പെട്ടി

കുട്ടികളിൽ സഹജീവികളോടുള്ള സഹാനുഭൂതി വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് നന്മപ്പെട്ടി എന്ന ആശയം കൊണ്ടു വന്നത്. ഓരോ ദിവസവും കുട്ടികൾ ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ച് എഴുതി വരുകയും നന്മപെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഏറ്റവും മികച്ച പ്രവൃത്തികൾ കണ്ടെത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

## കുട്ടികളുടെ രചനകൾ പൊതു ഇടങ്ങളിലേക്ക്

രചനോത്സവത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ കഥാപുസ്തകങ്ങളും, കുട്ടികളുടെ അനുഭവക്കുറിപ്പുകൾ എഴുതി ചേർത്ത സംയുക്ത ഡയറിയും, സമീപപ്രദേശത്തെ ഗ്രന്ഥശാലയ്ക്ക് കൈമാറി പൊതുസമൂഹത്തിനു മുൻപിൽ കുട്ടികളുടെ മികവ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്നു.

# കുട്ടിപ്പത്രം

പത്രവാർത്തകൾ കുട്ടികൾ വായിക്കുകയും എഴുതുകയും ചെയ്യതിന്റെ ഭാഗമായി ക്ലാസ് മുറിയിൽ ഒരു പത്ര നിർമ്മാണ പ്രവർത്തനം നടത്തുന്നു. മുന്നൊരുക്കം എന്ന രീതിയിൽ അധ്യാപിക വിവിധ മേഖലയിലുള്ള പത്രവാർത്തകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. തുടർന്ന് സ്കൂളിലെയും ക്ലാസ് മുറിയിലെയും വിശേഷപ്പെട്ട കാര്യങ്ങൾ പത്രവാർത്തയാക്കി മാറ്റാൻ ആവശ്യപ്പെടുന്നു. ഗ്രൂപ്പുകളായി തിരിച്ച് ഓരോ വാർത്തകൾ തയ്യാറാക്കുന്നു. ചിത്രീകരണം നടത്തുന്നു. അനുയോജ്യമായ തലക്കെട്ടുകൾ നൽകുന്നു. ഗ്രൂപ്പ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ക്ലാസ് റും പത്രത്തിന് ഉചിതമായ ഒരു പേര് കണ്ടെത്തുന്നു. സ്കൂൾ അസംബ്ലിയിൽ കുട്ടികൾ തയ്യാറാക്കിയ പത്രം പ്രദർശിപ്പിക്കുന്നു.

# പഠനോത്സവം

ഒരു അധ്യായന വർഷത്തിൽ കുട്ടികൾ നേടിയ പഠന നേട്ടങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഓരോ കുട്ടിയുടെയും മികവ് പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിനുള്ള വേദികളാണ് പഠനോത്സവം. പൊതുവിടങ്ങളിലും സ്കൂളുകളിലും രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും മുന്നിലും അക്കാദമിക മികവ് തെളിയിക്കുന്നതിനുള്ള അവസരം കൂടിയാണിത്.

അക്കാദമിക് മാസ്റ്റർ പ്ലാൻ
2025-26

പടുവിലായി. എൽ.പി. സ്കൂൾ
രണ്ടാം തരം

പടുവിലായി എൽ.പി. സ്കൂളിൽ രണ്ടാം തരത്തിൽ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

<u>ക്ലാസ്സിലെ പ്രതീക്ഷിത മാറ്റം</u>

⭐ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
⭐ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
⭐ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
⭐ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
⭐ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
⭐ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
⭐ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

<u>മുന്നൊരുക്കം</u>

⭐ എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

⭐ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

<u>ക്ലാസ്സിലെ പ്രതീക്ഷിത മാറ്റം</u>

🍁 രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും സ്വായത്വമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാത്ത ലഘു ബാല സാഹിത്യ കൃതികൾ വായിക്കുന്നതിനും.

🍁 അനുഭവങ്ങളും ആശയങ്ങളും ഉപയോഗിച്ച് സ്വന്തം ഭാഷയിൽ തെറ്റില്ലാതെ എഴുതുന്നതിനും കഴിവ് നേടുന്നു.

🍁 സ്വായത്ത്വമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗ്ഗത്മക രചനകൾ ഏർപ്പെടുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു.

🍁 ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയുന്നു

🍁 ഇംഗ്ലീഷ് വായിക്കാനും സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കാനുമുള്ള കഴിവ് നേടുന്നു.

<u>പ്രവർത്തന ലക്ഷ്യം</u>

🐥 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

🍁 <u>സംയുക്ത ഡയറി - ജൂൺ - മാർച്ച്</u>

* സ്വന്തം അനുഭങ്ങൾ പറയാനും എഴുതാനും കഴിവ് നേടുന്നു
  * ഭാക്ഷ ശേഷി വികസിപ്പിക്കുന്നു. സർഗ്ഗാത്മക രചനയിലേക്ക് നയിക്കുന്നു.
* CPTA യിൽ ഡയറി എഴുത്തു പരിചയപ്പെടൽ

→ ജൂൺ

⭐ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
⭐ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
⭐ അമ്മയും കുഞ്ഞും വായന

→ ജൂലൈ

🐥 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
🐥 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
🐥 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.
⭐കുട്ടിപ്പാട്ട് അവതരണം

→ ആഗസ്റ്റ്

⭐ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
⭐ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
⭐ വീട്ടു ലൈബ്രറി ഒരുക്കൽ
⭐ ചിത്ര വിവരണം
⭐ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.
⭐ ചിത്രം നൽകി കഥ എഴുതൽ

→ സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
⭐ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
⭐ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
⭐ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

→ ഒക്ടോബർ

⭐ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
⭐ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

→നവംബർ

⭐ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.
<u>ക്ലാസ്സ് പത്രം - നവംബർ- മാർച്ച്</u>

🍁 കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയപൂർണ്ണതയോടെ എഴുതാനുള്ള കഴിവ് നേടുന്നു.
🍁 മാസത്തിൽ ഒരു പത്രം അസംബ്ലിയിൽ അവതരണം

→ ഡിസംബർ

⭐ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
⭐ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

→ ജനുവരി

⭐ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
⭐ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

→ ഫെബ്രുവരി

⭐ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
⭐ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

→ മാർച്ച്

⭐ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
⭐ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
⭐ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
⭐ വീട്ടുവായന , കൂട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
⭐ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

📍📍 ഗണിതം 📍📍

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁 പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
🌻 സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
🌻 ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

🌻 ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

🌻1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

<u>ജൂലൈ</u>

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
🌻 പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

<u>ആഗസ്റ്റ്</u>

🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
🌻 സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100
🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

<u>സെപ്റ്റംബർ</u>

🌻 ഗണിതകിറ്റ് ഒരുക്കൽ
🌻 വിലവിവരപട്ടിക തയ്യാറാക്കൽ
🌻 ക്ലാസിലൊരുകട ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

<u>ഒക്ടോബർ</u>

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
🌻 സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

<u>നവംബർ</u>

🌻 സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

<u>ഡിസംബർ</u>

🌻 സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ.
🌻 സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
🌻 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

<u>ജനുവരി</u>

🌻 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
🌻 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

<u>ഫെബ്രുവരി</u>

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതകളികൾ
🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

<u>മാർച്ച്</u>

🌻 കലണ്ടർ പതിപ്പ് തയ്യാറാക്കൽ
🌻 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
🌻 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
🌻 കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

## <u>📍ENGLISH📍</u>

Aim . : To speak, Read, & write English without any mistakes

📍Time - June ,July, August - June

⭐ To develop listening skills & reading skills first
Listening skills
⭐ Games, Action songs Hello English activities,conversations, skit stories
⭐Use ICT

⭐ Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech ,book review, quiz riddles,self introduction. School radio etc

📍 August & March

⭐ Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

⭐ Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# PADUVILAYI L P SCHOOL

## അക്കാദമിക മാസ്റ്റർ പ്ലാൻ

**ക്ലാസ് 3**

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ<br>സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി – സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർ മസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർ മസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർ മസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർ മസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# പടുവിലായി എൽ പി സ്കൂൾ

## അക്കാദമിക മാസ്റ്റർ  പ്ലാൻ

ക്ലാസ് - 4

**2025-26**

**ആമുഖം:**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. **2024-25** അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നല്കി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശു സൌഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | **വായിക്കാം, എഴുതാം , വായിക്കാം.** | ❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | **വായിക്കാം, എഴുതാം , വായിക്കാം.**<br><br>**തുടർപ്രവർത്തനം** | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | **ആശയം പറയാം** | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | **ആശയം പറയാം**<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | | | |
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ -ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ -ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>❖ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

| | | | |
|---|---|---|---|
| | കഥ കാണാം, എഴുതാം<br>തുടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെഴുതാൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം<br>പാടി അവതരിപ്പിക്കാം | ❖ **കവിത പൂർത്തിയാക്കാൻ അവസരം.**<br>❖ **കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.**<br>❖ **കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.**<br>eg :<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വാർത്തയെന്തുണ്ട്?**<br>**നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വാർത്തയെന്തുണ്ട്?"**<br>**മാഞ്ചുവട്ടിൽ മാങ്ങവീണ വാർത്തയുണ്ടല്ലോ** | ജൂൺ - സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | ..................................<br>..................................<br>..................................<br>..................................<br>❖ കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടികേൾപ്പിക്കുന്നു.<br>❖ കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | |
| | സർഗാത്മക രചന | ❖ കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>❖ കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദേശങ്ങൾ നൽകുന്നു.<br>❖ കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>❖ കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ |
| | ക്ലാസ് റൂം ലൈബ്രറി | ❖ വായനക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം | ❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു<br>❖ കിട്ടിയ സംഖ്യ വായിക്കാം<br>❖ മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | ❖ സംഖ്യ നറുക്ക് എടുക്കുന്നു.<br>❖ കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | ❖ വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ-സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | ❖ വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>❖ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ – ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ❖ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>❖ കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |
| | സംഖ്യാസൂര്യൻ | ❖ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>❖ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | ❖ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>❖ അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ – സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | ❖ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ,വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>❖ ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>❖ ആവശ്യമുള്ളവ അളന്നെടുക്കുന്നു. | |

| | | | |
|---|---|---|---|
| | | ❖ കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു.<br>❖ കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>❖ സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>❖ ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>❖ പ്രയാസങ്ങൾ ഗ്രൂപ്പിൽ/അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| | സമയചക്രം | ❖ ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am &pm )<br>❖ സമയവുമായി ബന്ധപ്പെട്ട പ്രയോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. | ജൂലൈ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | ❖ സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>❖ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ – മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | ❖ അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>❖ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ ക്രിയ ചെയ്യാം.<br>❖ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ – ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | ❖ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>❖ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് – ഫെബ്രുവരി |

# ENGLISH

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

| | | | |
|---|---|---|---|
| • Adds lines to a poem following a set pattern. | Add more lines. | • Plays the audio of song.<br>• Let the learner sing after the audio.<br>• Adds lines to the poem | July to December |
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |

# പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൌഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ❖ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>❖ പ്രത്യേകതകൾ മനസ്സിലാക്കാം<br>❖ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>❖ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>❖ നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>❖ തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ❖ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>❖ വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ<br>❖ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമാണം | ❖ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>❖ പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ❖ പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് –മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ❖ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>❖ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ - മാർച്ച് |
| | നംബർ വൺ | ❖ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>❖ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ – മാർച്ച് |

| | | | |
|---|---|---|---|
| | പരിസര നടത്തം | ❖ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>❖ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>❖ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| | നല്ല ശീലം | ❖ പോസ്റ്ററുകൾ തയ്യാറാക്കാം<br>❖ പരിസങ്ങളിൽ പതിക്കാം | ജൂലൈ – മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | ❖ നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട്, etc ) | ജനുവരി – മാർച്ച് |
| | പരീക്ഷണങ്ങൾ | ❖ ശാസ്ത്ര കൌതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | ❖ ക്യാമ്പ്<br>❖ മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി |
| | പക്ഷി നിരീക്ഷണം | ❖ ക്യാമ്പ്<br>❖ പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി – മാർച്ച് |